"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി -ഉദ്യോഗസ്ഥരുടെ വേതനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ഒന്നാം ഗഡുവായി 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.44/2026/ENVT തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:- കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 08-04-2026 തീയതിയിലെ SWAK/62/2024-A1-Part(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് 2026-27 സാമ്പത്തിക വർഷത്തിൽ "3435-03-101-89" ശീർഷകത്തിൽ ₹150.00 (നൂറ്റി അൻപത് ലക്ഷം രൂപ മാത്രം) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ഭരണാനുമതി ലഭ്യമാകുന്നതുവരെ ഉദ്യോഗസ്ഥരുടെ വേതനം ഉൾപ്പെടെയുള്ള 6 മാസത്തെ ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനായി ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകുന്നതിനായി പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ലഭിക്കുന്നതുവരെയുള്ള കാലയളവിലെ ഉദ്യോഗസ്ഥരുടെ വേതനമുൾപ്പടെയുള്ള ചെലവുകൾക്കായി (March to August 2026 വരെയുള്ള 6 മാസത്തേക്ക്) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയ്ക്ക് **"3435-03-101-89-PV"** ശീർഷകത്തിൽ നിന്നും ഒന്നാം ഗഡുവായി Rs.5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
3. ധനകാര്യ വകുപ്പ് (12.06.2026 ലെ EXP-B3/122/2026-FIN പ്രകാരം)
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.(ENVT-A1/118/2026-ENVT)

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 18-06-2026 10:36:47